Vol. 2, Issue :3

Parish Bulletin

# Stephanian

St. Stephens Indian Orthodox Congregation

Kuwait

March 2015



കർത്താവിൽ പ്രിയരെ,

ദൈവം ദാനമായി നൽകിയിരിക്കുന്ന നമ്മുടെ ആയുസ്സിൽ അനുഗ്രഹപ്രദമായ ഈ പരിശുദ്ധ വലിയ നോമ്പ് അനുഷ്ഠിക്കുവാനും അതിലൂടെ നമ്മുടെ ആത്മീയ ജീവിതാത്തെ പരിപോക്ഷിപ്പിക്കുവാനും കിട്ടുന്ന അവസരത്തിനായി മുന്നമേ ദൈവത്തെ സ്തുതിക്കാം. ഒരു ആരാധനവർഷത്തിലെ ഏററവും ശ്രദ്ധേയമായ ഒരു കാലയളവാണ് വി. നോമ്പിന്റെ ദിനങ്ങൾ. ഉപവാസാനുഷ്ഠാനങ്ങളിലൂടെ, പ്രാർത്ഥനധ്യാനങ്ങളിലൂടെ, ആത്മശുദ്ധി നേടുന്നതിനുള്ള അവസരം നമുക്ക് ലഭിക്കുന്നു എന്നത് നോമ്പ് കാലത്തിന്റെ പ്രത്യേകതയാണ്. അനുതാപത്തിന്റെ, മാനസാന്തരത്തിന്റെ, രൂപാന്തരത്തിന്റെ അനുഭവം നമുക്ക് കൈമാറി തരുന്ന അനുഗ്രഹിക്കപ്പെട്ട ദിവസങ്ങൾ. നോമ്പിലെ ഓരോ ആഴ്ച്ചയിലേയും വി. ഏവൻഗേലിയോൻ വായനകൾ ശ്രദ്ധിച്ചാൽ മനസ്സിലാക്കുവാൻ സാധിക്കും, സൗഖ്യദായകതയിലേക്കുള്ള വാതിലാണ് വി. നോമ്പ്; നോമ്പിന്റെ ദിനങ്ങളിൽ നാം കൂടുതൽ പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി സമയം വേർതിരിക്കും, തന്മൂലം ദൈവസാന്നിധ്യവും ചൈതന്യവും നമ്മിൽ നിറയുകയും അതിലൂടെ ആശ്വസിപ്പിക്കുന്ന കരങ്ങൾകൊണ്ട് ദൈവം നമ്മെ താലോലിച്ച് സ്വാന്തനപ്പെടുത്തുകയും ചെയ്യും. അങ്ങനെ വി. നോമ്പ് നമ്മെ സകലവിധ ബന്ധനങ്ങളിൽ നിന്നും വിടുതൽ നൽകുന്ന ഒരു രക്ഷാകവാടം എന്ന് വിശേഷിപ്പിക്കാം. യേശു തമ്പുരാൻ നമ്മുടെ ജീവിതത്തിൽ എപ്പോഴെല്ലാം കടന്നുവരുന്നുവോ അപ്പോഴെല്ലാം ഒരു ആത്മീയ ഉന്മേഷം, നവജീവൻ നമ്മിൽ ഉണ്ടാകും. യേശുവിന്റെ വചനം വെള്ളത്തിൽ പതിച്ചപ്പോൾ അത് നിറവും, ഗുണവും, രുചിയും ഉള്ള മേൽത്തരം വീഞ്ഞായി രൂപപ്പെട്ടതുപോലെ നമ്മിലും ക്രിസ്തുവിന്റെ ഇടപെടൽ നമ്മെ കൂടുതൽ ആത്മീയ നവോന്മേഷത്തിലേക്ക് നയിക്കും. ക്രിസ്തുവിന്റെ രക്ഷാകരപീഢാനുഭവും, കുരിശുമരണവും, ഉത്ഥാനവും അനുസ്മരിക്കുന്ന അനുഗ്രഹദായകമായ വലിയ നോമ്പിന്റെ പകുതി ദിവസങ്ങൾ നാം പിന്നീടുമ്പോൾ ദേവാലയ മദ്ധ്യേ കുരിശ് സ്ഥാപിച്ച് (ഗോഗുൽത്താ നാട്ടുന്നു)കൊണ്ട് രക്ഷാകരപദ്ധതിയിൽ കുരിശിനുള്ള വിലയേറിയ പങ്ക് അനാവരണം ചെയ്യുന്നു. മോശ മരുഭൂമിയിൽ പിച്ചള സർപ്പത്തെ ഉയർത്തിയതിന്റെ പശ്ചാത്തലം മനസ്സിലാക്കുമ്പോഴാണ് ദൈവാലയ മദ്ധ്യത്തിൽ കുരിശു സ്ഥാപിക്കപ്പെടുന്നതിന്റെ അർത്ഥവും സാംഗത്യവും നമുക്ക് കൂടുതൽ മനസ്സിലാകുന്നത്. ഫറവോന്റെ അടിമത്വത്തിൽ നിന്ന് യഹോവയാൽ വിമോചിതരായി വാഗ്ദത്ത നാട്ടിലേക്ക് പ്രയാണം ചെയ്യുന്ന ഇസ്രായേലിയർക്ക് മരുഭൂമിയിലൂടെ കടന്നുപോകേണ്ടിവരുന്നു. ഈ അവസരത്തിലാണ് യഹോവയുടെ കാരുണ്യത്തെ വിസ്മരിച്ചുകൊണ്ട് യഹോവയ്ക്കും മോശയ്ക്കും എതിരായി അവർ പിറുപിറുക്കുന്നതും പരാതി പറയുന്നതും. ഇസ്രായേൽക്കാരുടെ തെററിനു ശിക്ഷയായി യഹോവ ആഗ്നേയ സർപ്പങ്ങളെ അയയ്ക്കുന്നു. ആഗ്നേയ സർപ്പങ്ങളുടെ ദംശനമേററ് ഇസ്രായേൽക്കാർ പശ്ചാത്തപിച്ച് ദൈവത്തോട് മാപ്പപേക്ഷിക്കുന്നു. കരുണാമയനായ ദൈവം മോശയോട് ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തിനിർത്താൻ ആവശ്യപ്പെടുന്നു. സർപ്പദംശനമേററ ഇസ്രായേൽക്കാർ വിശ്വാസത്തോടും അനുതാപത്തോടും കൂടി പിച്ചള സർപ്പത്തെ നോക്കിയപ്പോൾ മരണത്തിൽ നിന്ന് വിമോചിതരാകുന്നു. കാൽവറിയിൽ ഉയർത്തപ്പെടാനിരുന്ന യേശുവിന്റെ രക്ഷാദായകമായ കുരിശ് മരണത്തിന്റെ മുൻ ആസ്വാദനമായിരുന്നു മോശ മരുഭൂമിയിൽ ഉയർത്തിയ പിച്ചള സർപ്പം. കുരിശ് സ്വർഗ്ഗത്തിലേക്ക് തുറക്കുന്ന വാതിലാണ്. കുരിശ് ക്രൈസ്തവ വിശ്വാസത്തിന്റെ കാതലും പ്രതീകവുമാണ്. ഗോഗുൽത്താമലയിൽ ഉയർത്തപ്പെട്ട കുരിശ് മനുഷ്യഹൃദയങ്ങളിൽ ഉയർത്തപ്പെടണം. പാപ ദംശനമേററ മനുഷ്യന് മോചനമേകാൻ കുരിശിനുമാത്രമേ കഴിയൂ. (ഞങ്ങൾക്ക് അതിനാലേ രക്ഷയുണ്ടായിയെന്ന സ്ലീബായെ ഞങ്ങൾ കുമ്പിടുന്നു). നോമ്പിന്റെ മദ്ധ്യത്തിൽ ദൈവാലയത്തിൽ ഗോഗുൽത്താ സ്ഥാപിക്കുന്നതു പോലെ നമ്മുടെ ജീവിതത്തിന്റെ മദ്ധ്യത്തിലും രക്ഷകരമായ സ്ലീബായെ സ്ഥാപിക്കണം. ചെയ്തുപോയ തെററുകൾക്ക് ദൈവത്തോട് മോചനം യാചിച്ചുകൊണ്ട് യേശുനാഥന്റെ രക്ഷകരമായ് പീഢാനുഭവത്തിലേക്കും, കുരിശുമരണത്തിലേക്കും, ഉത്ഥാനത്തിലേക്കും ആന്തരീക ഒരുക്കത്തോടെ പ്രവേശിക്കാം. രക്ഷാകരചരിത്രത്തിൽ പ. ദൈവമാതാവിനുള്ള ശ്രദ്ധേയമായ പങ്ക് വിളിച്ചറിയിക്കുന്ന അതിശ്രേഷ്ഠമായ പെരുന്നാളാണല്ലോ വചനിപ്പ് പെരുന്നാൾ (മാർച്ച് 25). ഗബ്രിയേൽ മാലാഖ വി. കന്യാമറിയാമിനോട് സർവ്വ ലോകത്തിന്റെയും രക്ഷയ്ക്കായി പുത്രൻ തമ്പുരാൻ പരിശുദ്ധാത്മാവിനാൽ അവളുടെ ഉള്ളിൽ ഉൽപ്പാദിതമായി എന്ന സന്ദേശം കൈമാറിയതിനെ സൂചിപ്പിക്കുന്നതാണിത്. ദൈവത്തിന്റെ മനുഷ്യാവതാര രഹസ്യങ്ങളുടെ ചരിത്രത്തിലെ ഈ ദിവസം ദു:ഖ വെള്ളിയാഴ്ച്ചയാണെങ്കിൽ പോലും പെരുന്നാൾ ക്രമം അനുസരിച്ച് വി. കുർബാന അർപ്പിക്കണമെന്ന് സഭ കൽപ്പിക്കുന്നു. ദൈവകൃപയുടെയും മനുഷ്യന്റെ ഇച്ഛയുടെയും പരിപൂർണ്ണ സമ്മേളനവും പൂർത്തീകരണവുമാണ് വചനിപ്പിലൂടെ നിറവേറിയത്. പരിശുദ്ധ അമ്മയുടെ ഉള്ളിൽ വചനം ആവിഷ്കരിക്കപ്പെട്ടതുപോലെ നമ്മുടെ ജീവിതത്തിലും തിരുവചനം കേൾക്കുകയും, വായിക്കുകയും, ധ്യാനിക്കുകയും ചെയ്യുമ്പോൾ അത് നമ്മുടെ ഉള്ളിൽ ക്രിസ്തുവിന് വളരുവാനും തന്മൂലം ആത്മീയ ചൈതന്യത്തെ പരിപോക്ഷിപ്പിക്കുവാനും അതിലൂടെ ക്രിസ്തുവിന്റെ നല്ല വാഹകരായി തീരുവാനും നമുക്ക് ഇടയാകണം. അതിന് ഈ നോമ്പിന്റെ ദിവസങ്ങളും കടന്നുവരുന്ന എല്ലാ ശുശ്രൂഷകളും മുഖാന്തരമാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം,

**Vicar : Fr.Saju Philip, Mob. - 60696128 / 24347327**


## Prayer Meeting Schedule for March.-2015

| | | | | | | (Time-pm) |
|---|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243** | | | | | | |
| 06-03 | Mrs. Suja Reji | Time Out Restaurant Building | Flr. 04 | Flat 20 | 99675163 | 5:00 |
| 20-03 | Mr. Binny Mathew | Behind Telecommunication | 01 | 07 | 24338029 | 5:00 |
| 27-03 | Mr. Minu Varghese | Opp. Unique store No. 3 | Gf | 02 | 50104545 | 5:00 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242** | | | | | | |
| 06-03 | Mr. Biju Joy | Tall Building, near to Jas Cargo, | 06 | 64 | 66456865 | 5:00 |
| 13-03 | Mr. John Varghese | Opposite to Euro Asia Travels | 05 | 19 | 24311372 | 5:00 |
| 20-03 | Mr. Scaria Thomas | Jenny's Beauty Parlour Building | GF | 14 | 65004988 | 5:00 |
| 27-03 | Mr. Ajoy Jacob George | Opposite to Al Razi Pharmacy | 06 | 25 | 99182907 | 5:00 |
| **St. Dionysius Prayer (Abbasiya) Secretary : Mr. Thomas Varghese - 99274419** | | | | | | |
| 06-03 | Mr. Thomas Varughese | Near Apsara Bazar | 01 | 06 | 99274419 | 5:30 |
| 13-03 | Mr. Stephen K Thomas | Near Blazer Tailors | 06 | 18 | 66284410 | 5:30 |
| 20-03 | Mr. Mathew V.T | Near Eden Stores | 04 | 11 | 90949681 | 5:30 |
| 27-03 | Mr. Jiji Alex | Opposite Best Bakery | 08 | 38 | 66408576 | 5:30 |
| **St. George Prayer (Abbasiya) Secretary : Mr. Geevarghese Cherian - 66045301** | | | | | | |
| 06-03 | Mr. Geevarghese | Corner 2nd Bldg, Near Hada Centre | 03 | 09 | 66045301 | 5:30 |
| 13-03 | Mr. Shibu Abraham | Spicy Restaurant Bldg. | 05 | 34 | 96629861 | 5:30 |
| 20-03 | Mr. Biju George | Golden Supermarket Bldg. | 07 | | 97824160 | 5:30 |
| 27-03 | Mr. Libu K Varghese | Gulf Dream Supermarket Bldg. | 05 | 20 | 99640342 | 5:30 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192** | | | | | | |
| 06-03 | Mr. Elson Thomas | Pharmacy 1 Bldg, Near Reggai Garden Signal | 04 | 16 | 99254828 | 7:30 |
| 20-03 | Mr. Lovin Thomas | Bldg. #105, (Al Bahar Bldg.) Old Riggae | 01 | 03 | 50923239 | 7:30 |
| **St. Thomas Prayer (Farwaniya & Khaitan) Secretary : Mr. Cherian V.T - 99285095** | | | | | | |
| 14-03 | Mr. Laji Joseph | Near Carmel School, Khaitan | 06 | 66 | 99916457 | 7:00 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900** | | | | | | |
| 20-03 | Mr. Shiju Yohannan | Block1, Street12, Near Appolo Hospital, Salmiya | GF | 01 | 99694284 | 6:30 |

**ഇടവകയുടെ പ്രഥമ വാർഷിക കൺവൻഷൻ** : മാർച്ച് മാസം 23, 24, 25 ദിവസങ്ങളിൽ വൈകിട്ട് 7:30ന് **Abbasiya ACE's** ഹാളിൽ വച്ച് നടത്തപ്പെടുന്നു. മലങ്കര സഭയുടെ "പ്രവാചക ശബ്ദമായ" പ്രശസ്ത കൺവെൻഷൻ പ്രസംഗകൻ **വന്ദ്യ ജോസഫ് ശമുവേൽ കോർഎപ്പിസ്കോപ്പ** ആണ് കൺവെൻഷൻ നയിക്കുന്നത്.

## HAPPY BIRTHDAY

## HEARTFUL WISHES



Ryan Thomas Scaria, Abel Abraham Anil, Irine Elsa George, Devon Babu Benson, Michelle Mariam, Jerom V Jiji, Ajin Abraham Biju, Sebin Thomas, Emil Mathew

# HOLY WEEK SERVICES 2015

*Is it nothing to you, all you who pass by?*

*(Lam. 1: 12)*



By the grace of God, the Holy Passion Week of this year will be celebrated as per the schedule given below. All are cordially invited to attend with prayers in the entire services & get blessings in abundance.

**Palm Sunday Service (28.03.15) - Indian Com. School, Khaitan**

6:00 pm Evening Prayer, Hosana Service & Holy Qurbana

**Maundy Thursday Service (01.04.15)-Indian Com. School, Khaitan**

6:30 pm Evening Prayer & Holy Qurbana

**Good Friday Service (03.04.15) - Indian Com. School, Khaitan**

7:30 am - 3:30 pm Prayers of hours, Proc. of the Cross
Devotional Address, Adoration of the Cross
6:30 pm - Evening Prayer & Meditation at Parsonage

**Gospel Saturday Service (04.04.15) - Indian Com. School, Khaitan**

7:30 am Morning Prayer & Holy Qurbana

**Easter Service (04.04.15) - Indian Com. School, Khaitan**

6:00 pm Evening Prayer, Midnight Prayer, Easter Service & Holy Qurbana

Please bring your Hasha Azhcha Namskara Kramam, Holy Bible and Suvishesha Geethangal on Good Friday Service.

Evening Prayer & Holy Confession : Sunday to Wednesday 6:30 pm
Venue : Ace's Hall Abbasiya (Near Subway Rest.)

**Midlent :** The Holy Qurbana and the special service of Midlent will be celebrated on 10-03-15 at Ace's Hall Abbasiya (Near Subway Rest.) **Time : 6:00 pm**

**Feast of Annunciation to St Mary (Vachanippu Perunnal) :** The Holy Qurbana will be celebrated on 24-03-15 at Ace's Hall Abbasiya, **Time : 6:00 pm.**

**Sunday School Talent Scan** will be on 20th March, Friday 10: 30am to 3:30 pm at St. John's Marthoma Hall, Abbasiya.

**Schedule of Worship : Venue - ACE's Hall , Near Subway Rest., Abbasiya**
Every Friday Holy Qurbana - 6 : 30 am - 9 am. **(Morning Service)**
Every Saturday Holy Qurbana - 6:30 pm to 8:30 pm **(Evening Service)**
**Holy Qurbana on 2nd Saturday (14-03-15) 7:00 am to 9:00 am (NECK South Tent)**

**Birthday & Wedding Anniversary** : The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of March. (Special prayer is offered in Holy Qurbana for them.)

**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya. Contact : Mr. Abraham P.K. - 60473158
Mr. Cherian V.T. (Farwaniya) : 99285095, Mr. V.T. Mathew (Salmiya) : 90949681
Parish Trustee : Mr. Laji Joseph : 99916457, Parish Secretary : Mr. Shaju John : 66776676

## കൂദാശകളുടെ അനുഷ്ഠാനം (....തുടർച്ച)
### വിശുദ്ധ കുർബ്ബാന ഒരു ലഘുപഠനം

സങ്കീ. 139 : 9-12 വരെ ഉദ്ധരിച്ചുകൊണ്ടാണു വാങ്ങിപ്പോയ മേൽപ്പട്ടക്കാരെയും പട്ടക്കാരെയും നാം ഓർക്കുന്നത്. എന്റെ കല്പനകൾ പ്രമാണിക്കുമെങ്കിൽ ഞാൻ നിന്റെ സന്തതിയെ നിന്റെ സിംഹാസനത്തിലിരുത്തുമെന്നു (സങ്കീ 132 :11, 1രാജാ. 8:25) യഹോവ ദാവീദിനോടു ചെയ്ത സത്യം അനുസരിച്ചു അവകാശിയായ ക്രിസ്തുവിനോടൊപ്പം കല്പനകൾ പാലിച്ചു നടത്തുന്ന പുരോഹിതന്മാരും പങ്കുകാരായിത്തീരുന്നു. എക്ബോയിൽ നിർമ്മലരായി പരികർമ്മിക്കുന്ന ആചാര്യന്മാരുടെ തലയിൽ തങ്കക്കിരീടങ്ങൾ വയ്ക്കപ്പെടും എന്നു ചൊല്ലുന്നു. എന്നാൽ നിർമ്മലജീവിതം നയിച്ചാൽ പുരോഹിതന്മാർക്കു മാത്രമല്ല വിശ്വാസികൾക്കും തങ്കക്കിരീടങ്ങൾ നല്കപ്പെടും.

വാങ്ങിപ്പോയവരെ ഓർത്തും ചൊല്ലുന്ന 'മക്കളിലപ്പൻ കൃപചെയ്തതുപോലെ' എന്ന് പാട്ടു 103-ാം സങ്കീർത്തനത്തിൽനിന്നുള്ളതാണ് (സങ്കീ. 103 13-15). എങ്ങനെ ജീവിച്ചാലും വേണ്ടില്ല മരിച്ചു കഴിഞ്ഞു കല്ലറയ്ക്കൽ ധൂപം വച്ചാൽ മാത്രം ഒരു വ്യക്തിക്കു സ്വർഗ്ഗ രാജ്യം ലഭിക്കും എന്നു സഭ പഠിപ്പിക്കുന്നില്ല. 'ഭക്തന്മാരിൽ ദൈവം കൃപചെയ്യും' എന്നതിൽനിന്നും 'നിന്നിലുള്ള ഭക്തിയിൽ ജീവിച്ച ഈ വിശ്വാസിയിൽ' മാനുഷികമായ നിലയിൽ വല്ല കുറവുകളും വന്നുപോയിട്ടുണ്ടെങ്കിൽ അതു ക്ഷമിക്കണമേ എന്നു മാത്രമാണു നമ്മുടെ പ്രാർത്ഥന. ആത്മഹത്യ ചെയ്തവർക്കുവേണ്ടികൂടി ഇന്നു പ്രാർത്ഥിക്കുന്നുണ്ട്. പ്രാർത്ഥനകൊണ്ടുമാത്രം ഒരാൾക്കു മോചനം ലഭിക്കണമെന്നില്ല. നാം ആരെയും ന്യായം വിധിക്കാതെ പ്രാർത്ഥിക്കുവാനുള്ള നമ്മുടെ കടമ നിർവ്വഹിക്കുകയെത്രെ ചെയ്യുന്നത്.

'വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ' എന്ന സ്ലീബായുടെ കുക്കിലിയോൻ (സങ്കീ 44:5-7) എല്ലാ ഞായറാഴ്ച്ചയും ചൊല്ലാറില്ല. വെള്ളിയാഴ്ച്ച നമസ്കാരത്തിലും, സ്ലീബായെ ഓർക്കുന്ന ചില പ്രത്യേക സന്ദർഭങ്ങളിലും, കുരിശിൻ തൊട്ടിയിൽ ധൂപപ്രാർത്ഥന നടത്തുന്ന സന്ദർഭങ്ങളിലും ഈ കുക്കിലിയോൻ ചൊല്ലുന്നു. സ്ലീബ ശത്രുവായ സാത്താനിൽനിന്നും വിശ്വാസിയിലെ രക്ഷിക്കുന്നു. സ്ലീബായിൽ അഭയം പ്രാപിക്കുന്നവർക്കു സ്ലീബാ കോട്ടയാണ് (1കൊരി 1:18).

വാങ്ങിപ്പോയവരും ഒത്തുചേർന്നുള്ള ആരാധനയാണ് നമ്മുടേത്. അവരുടെ അദൃശ്യമായ സാന്നിദ്ധ്യം വിശുദ്ധകുർബാനയിലുണ്ട്. നമ്മുടെ പ്രാർത്ഥനയോടൊപ്പം അവർകൂടി നമുക്കുവേണ്ടി അപേക്ഷിക്കുമ്പോൾ നമ്മുടെ പ്രാർത്ഥന കൂടുതൽ ശക്തിമത്തായിത്തീരുന്നു. വാങ്ങിപ്പോയവരും ഒത്തുച്ചേർന്നുള്ള നമ്മുടെ പ്രാർത്ഥന ഒരു സുഗന്ധധൂപമായി ദൈവസന്നിധിയിലേക്കു ഉയരുന്നു എന്നു കാണിക്കുവാനാണ് ധൂപാർപ്പണശുശ്രൂഷ ക്രമീകരിച്ചിരിക്കുന്നത്.

**a. വിശുദ്ധകുർബ്ബാന അനുഭവവും പടിഞ്ഞാറോട്ടുള്ള എഴുന്നള്ളത്തും**

കുക്കിലിയോന്റെ അവസാനത്തിൽ പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞു ജനങ്ങളോടു സമാധാനം ചോദിക്കുകയും അതിനുശേഷം വി. കുർബ്ബാന അനുഭവിക്കുവാനുള്ള കൃപകൾക്കായി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. പട്ടക്കാരൻ വി. കുർബ്ബാന അനുഭവിക്കുമ്പോൾ പാപിനിയായ സ്ത്രീയേയും, അനുതപിച്ച കള്ളനെയുംപോലെ പാപമോചനത്തിനു എന്നേക്കും ഞാൻ യോഗ്യനായിത്തീരണമേ എന്നു പ്രാർത്ഥിക്കുന്നു.

പട്ടക്കാരനും മദ്ബഹായിലുള്ളവരും ആദ്യം വി. കുർബ്ബാന അനുഭവിക്കുകയും അതിനുശേഷം ജനങ്ങൾക്കു കൊടുക്കുകയും ചെയ്യുന്നു. പട്ടക്കാരൻ ആദ്യം വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നത് വി. കുർബ്ബാനയെ സംബന്ധിച്ചു നല്ല സാക്ഷ്യം നല്കാനാണ്. പട്ടക്കാരൻ രക്ഷയുടെ അനുഭവത്തിലേക്കു വന്നിട്ടുവേണം ജനത്തെ നയിക്കുവാൻ. മദ്ബഹായിലുള്ളവർ വി. കുർബാന അനുഭവിച്ചുകഴിയുമ്പോൾ മറമാററി വിശുദ്ധകുർബാന ജനങ്ങൾക്കുകൊടുക്കുവാൻ തക്കവണ്ണം ആഘോഷമായി പടിഞ്ഞാറേക്കു കൊണ്ടുവരുന്നു. ഇതു വിശുദ്ധ കുർബ്ബാനയിൽ മൂന്നാമത്തതും ഏററവും പ്രധാനപ്പെട്ടതുമായ പരമോന്നതവസ്ഥയാണ്. ഈ അവസരത്തിൽ കർത്താവിന്റെ രണ്ടാമത്തെ വരവിനെയും നാം അനുസ്മരിക്കുന്നു. വി. കുർബ്ബാന തിരിച്ചുകൊണ്ടുപോകുമ്പോൾ ചൊല്ലുന്ന 'മരിച്ചോർക്കുയിരേകുന്നോനേ' അല്ലെങ്കിൽ 'ഭൂവാകെ നമിക്കും നിന്നെ' എന്ന് ഗീതത്തിൽനിന്നും കർത്താവിന്റെ രണ്ടാമത്തെ വരവിൽ സകലവും തനിക്കു കീഴായിരിക്കും എന്ന് ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1 കോരി 15:27, കൊലോ 1:15 20).

വി. കുർബ്ബാന പടിഞ്ഞാറേക്കു കൊണ്ടുവരുന്നതു ജനങ്ങൾക്കു അവ നല്കുവാനായിട്ടാണു എന്നതു തത്സമയത്തെ പ്രാർത്ഥനകൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. പടിഞ്ഞാറോട്ടു തിരിയുമ്പോൾ 'നിന്റെ ദാസർക്കായി പാപപരിഹാരം ഇറങ്ങി വരേണമെ' എന്നും "വിലയേറിയ നിന്റെ ശരീര രക്തങ്ങൾ അനുഭവിക്കുന്ന ഈ നിന്റെ ആരാധകരുടെ സംഘത്തെ അനുഗ്രഹിക്കുമാറാകണെ" എന്നും ചൊല്ലുന്നു. എന്നാൽ കിഴക്കോട്ടു തിരിച്ചുകൊണ്ടുപോകുമ്പോൾ 'ഞങ്ങൾ ഭക്ഷിച്ചതായ നിന്റെ വിശുദ്ധ ശരീരവും, ഞങ്ങൾ പാനം ചെയ്ത പാപപരിഹാരപ്രദമായ നിന്റെ രക്തവും' എന്നാണു ചൊല്ലുന്നത്. എന്നാൽ സൗകര്യത്തെ പ്രതി വി. കുർബ്ബാന പടിഞ്ഞാറേക്കു ആഘോഷമായി കൊണ്ടുവരുന്നതിനു മുമ്പുതന്നെ വിശ്വാസികൾക്കുകൂടി കൊടുക്കുന്ന രീതിയാണ് പലപള്ളികളിലും ഇന്നുള്ളത്. വി. കുർബ്ബാന അവസാനം കൊടുക്കുന്ന രീതിയും ചില പള്ളികളിലെങ്കിലും നിലനിൽക്കുന്നുണ്ട്.

വി. കുർബ്ബാന തിരുശരീരവും തിരുരക്തവും വെവ്വേറെയാണ് കർത്താവും നല്കിയതു എന്ന നിലയിൽ അങ്ങനെതന്നെ രണ്ടായി നല്കുന്ന സഭകളുണ്ട്. തിരുശരീരം മുറിച്ചു അതിൽ തിരുരക്തം കലർത്തി നല്കുന്ന രീതിയാണ് നമ്മുടെ സഭ പിൻതുടരുന്നത്. കർത്താവിന്റെ മരണം മാത്രമല്ല ഉയിർപ്പും, സ്വർഗ്ഗാരോഹണവും രണ്ടാമത്തെ വരവും നാം ഓർക്കുന്നു. മരിച്ചുയർത്തെഴുന്നേററ ക്രിസ്തുവിന്റെ ശരീരം നാം ഭക്ഷിക്കുന്നു എന്ന നിലയിലാണു തിരുരക്തം കലർത്തിയ തിരുശരീരം ഭക്ഷിക്കുന്നത്. ശരീരത്തിൽ രക്തവും, രക്തത്തിൽ ശരീരവും ഉണ്ട്. ഇതിൽ ഏതു അനുഭവിച്ചാലും വി. കുർബ്ബാനയുടെ പൂർണ്ണതയായി. ആയതിനാൽ, കട്ടിയായ ഭക്ഷണം ഇറക്കുവാൻ പ്രയാസമുള്ള ശിശുക്കൾക്ക് കാസായിൽ നിന്നും തിരുശരീരം കലർത്തിയ തിരുരക്തവും പ്രായമുള്ളവർക്കു പീലാസായിൽനിന്നും തിരുരക്തം കലർത്തിയ തിരുശരീരവും നല്ക്കുന്നു. അത് തൊണ്ടയിൽകൂടി നന്നായി ഇറങ്ങിപ്പോകുവാൻ തക്കവണ്ണം പച്ചവെള്ളം കുടിക്കുവാനും കൊടുക്കുന്നു.

തുടരും....

## AN INTRODUCTION TO THE HOLY BIBLE (... Cont)

**The Canon of the Bible**

We have seen that the texts in the Bible have been composed a different places and in different ages. The way they have been collected and compiled deserves special study. This leads us to the subject: The Canon of the Bible.

**The Old Testament Canon**

The Greek word canon means a measuring rod or carpenter's rule. Canonic texts mean texts which are approved or the basic texts. The Old Testament canon defines the authoritative texts in the Old Testament. But there was no such official declaration or authoritative text in the Jewish Church till 1st century A.D.

It cannot be definitely said when each text in the Old Testament came to be approved as the basic. All that can be said is that they came to be approved in course of time; but we cannot connect it to a particular person or generation.

It can be undoubtedly said that of all the O.T. texts it was the Tora, the texts of law that first became known and approved. Its contents remained as in the oral tradition for many centuries. The fathers taught the children; thus it was handed down from generation to generation. The advice and counsels which thus remained widely known were later collected in the form of books. It is said that the scroll of a book thus written was seen in the temple during the period of (BC 639-608) of Kind Josiah. Josiah's reforms were on the basis of this book.

It is to be supposed that the Tora or the texts of law and the history books were collected and published during the period of the exodus. We see that Ezra read out and taught the people the books of Tora (Nehemiah 8:1,5,8). After the Tora the books of prophecy may have been approved by the Jewish Church. The Jews included Samuel and King among the books of prophecy. By the end of 3rd century B.C. all the books of prophecy were approved by the Jewish Church.

In the third section of the Old Testament Kethubim, the holy writings, Ezra Nehemia, Psalms and the compositions of Solomon were included. It must be sumrised that these books ere approved by the Jewish Church by the end of B.C. IInd century. During the time of the persecution by Antiochus Ephiphanos many Jewish works were destroyed. It is recorded that the rest were collected and preserved by Judas Maccabius. 39 Books in three sections were approved in Palestine. But it cannot be said that there was any official decision concerning this.

Alexandria was a strong centre where the Jews lived scattered. Therein 3rd century B.C. the Greek translation of the Old Testament text was done. This is known as the Septuagint. (LXX) This bible has contents much more elaborate than the known and approved in Palestine. That is to say more texts were included. Had a canon been decided before that, nobody would have included more books. The original of the texts included was Greek. The books of Maccabias, Ben Sirah, etc. are found only in the Septuagint.

It was the Septuagint Bible that the Christian Church used from the beginning.

**Jamnia Council**

When the Christian Church made a strong move forward, there were many attempts of resistance against it form the Jewish community. They tried to prove that Christians were aliens and enemies to their community. Sometime towards A.D. 90 the Jewish Rabbis met in a conference Jamnia near Joppa. They took several decisions against the Christian Church. In order to establish that the Old Testament used by the Christians were not their Bible, they decided that only 39 books that were current in Palestine were in their Bible. They rejected the remaining books holding up some criteria.

So the Jews made and declared a canon for the Old Testament only at the end of the first century A.D. and that too was just to face the challenge of the Christian Church.

Till Reformation it was the Septuagint with its 46 books that was in current use. But the Reformation leaders accepted the Palestinian canon with its 39 books. The unaccepted books came to be called Deutero Canonical books.

Cont...

## THE STUDY OF SACRAMENTS - HOLY BAPTISM (... Cont)

**Anointing the Forehead**

As per the service order of St. Severius, the first part of the baptismal service ends with the recitation of the creed. In the second part, the baptized's forehead is smeared with olive oil in the form of across. The meaning of this is mentioned in the prayer recited before anointing.

"O Lord, You sent Your Holy Spirit and created this Your servant from nothingness and brought him/her into existence. He /she has been made worthy of Holy Baptism through Your love of mankind. Establish him/her on the foundation of the holy apostles, and plant him / her as a true sapling in Your Holy Church. Send Your Holy Spirit upon him/her so that s/he may be worthy of the sacramental anointing. Fill him / her with Your divine gifts. Make Your light shine in the heart of this Your worshiper, so that s/he may be free from the slavery of sin."

Further, the forehead is anointed. During anointing, the priest prays:

"….. is sealed with the oil of gladness, that s/he may be worthy of adoption as son by being born again."

There is a wrong notion among many that the consecration of the Holy Myron (moroon) is to exorcise evil powers. In the ancient church, the practice of exorcism is fulfilled by the oil of the exorcism. But in Orthodox tradition, this oil is not referred to with this name. We call it the oil of gladness (Ps 45:7).

Moses Bar-Kepha comments on this anointing in the following words:

"The reason mentioned below are the causes of anointing the baptized with oil. Firstly, the candidate has to wage on the battle against Satan. To defeat the opponent the combatant smears his body with oil. Similarly this oil makes the baptized victorious against the satanic forces".

The anointing with the olive oil also serves the purpose of grafting the wild olive believer with the true olive that is Christ. This view is supported by Bar Kepha.

By rejecting Satan and by accepting Christ, Satan looks for an opportunity to defeat man, to save the candidate from the onslaught of Satan; the sign of the cross is made on the candidate's forehead. This opinion is voiced by St. John Chrysostom. Because of the sign of the cross on the forehead, Satan fears to even look at the faithful. Under the dazzling influence of the sign of the Cross the eyes of Satan gets dazzled.

The Arabian metropolitan bishop Geevarghese says that in Egypt, the Israelites were saved from the angel of death through the sign on their doorpost. Similarly the anointing sing on the forehead forces Satan to leave the believer unharmed. This view is held by George, the Bishop of Arabia.

**Blessing Water**

a. Warm and cold water

After anointing of the forehead, the water is blessed. Of all the rites related to the blessing of the water, the first event is the mixing of hot and cold water when water is mixed the following prayer is recited:

"Through the supplication of our feebleness, O Lord, we pray that this water may be mixed with the power and operation of Your Holy Spirit, so that this may be a spiritual womb and a crucible which brings forth incorruptibility. May this water be to Your servant, who is being baptized, the garment of incorruptibility and deliverance from the bonds of sins. For You are the giver of all goods gifts, and to You we offer glory, and to Your Only – Begotten Son and to Your Holy Spirit now and forever and ever."

In the interpretations on baptism, no description can be seen on this event. The above-mentioned prayer states the power and indwelling of the Holy Spirit mixed (in the water) thereby leading to "spiritual womb and indestructible casting furnace". According to Syrian tradition, the baptismal font is also addressed as "womb" and "furnace". It's called a furnace due to the presence of the Holy Spirit that signifies fire.

According to St. Ephrem, the presence of the Holy Spirit or fire is evident in baptism. For the remission of sin, the fire that resembles the Holy Spirit is mixed in the water. In the same way, the Holy Spirit is merged in the bread used in the Holy Qurbana.

The Eastern Syrian poet, Narsai states that the baptismal font is transformed into a furnace. Similar to a furnace the priest transforms bodies into new forms. The mortal remains are destroyed in the fire. The heat of the spirit eradicates the rust of the body and the mind.

Cont...